## പതിമൂന്നാം കേരള നിയമസഭ

**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2550** **21/06/2012 ൽ മറുപടിക്ക്**

## സൗജന്യ യൂണിഫോം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : | | ശ്രീ.പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) | |
| എ) | സ്കൂൾ വിദ്യാർത്ഥികൾക്ക് സൗജന്യ യൂണിഫോം നൽകുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; | എ) | തീരുമാനിച്ചിട്ടുണ്ട്. |
| ബി) | ഏതെല്ലാം വിദ്യാർത്ഥികൾക്കാണ് നൽകുന്നതെന്ന് വ്യക്തമാക്കുമോ; | ബി) | സർക്കാർ സ്കൂളുകളിലെ 1 മുതൽ 8 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന എല്ലാ പെൺകുട്ടികൾക്കും എ.പി.എൽ. വിഭാഗത്തിൽപെടുന്ന ആൺകുട്ടികൾ ഒഴികെയുള്ള എല്ലാ കുട്ടികൾക്കുമാണ് സൗജന്യ യൂണിഫോം നൽകുന്നത്. |
| സി) | എയ്ഡഡ് സ്കൂൾ വിദ്യാർത്ഥികൾക്ക് യൂണിഫോം നൽകുന്നുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണമെന്താണെന്നും വെളിപ്പെടുത്തുമോ; | സി) | കേന്ദ്രമാനവ വിഭവശേഷി വികസന മന്ത്രാലയം അംഗീകരിച്ച പദ്ധതിയിൽ എയ്ഡഡ് സ്കൂളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് യൂണിഫോം നൽകാനുള്ള അനുമതിയില്ല. |
| ഡി) | ഏത് ഫണ്ടുപയോഗപ്പെടുത്തിയാണ് യൂണിഫോം പദ്ധതി നടപ്പിലാക്കുന്നത്; | ഡി) | 2012-13 വർഷം കേന്ദ്രമാനവ വിഭവശേഷി വികസന മന്ത്രാലയം അംഗീകരിച്ച എസ്.എസ്.എയുടെ വാർഷിക പദ്ധതി (ആന്വൽ വർക്ക് പ്ലാൻ & ബഡ്ജറ്റ് (2012-13) പ്രകാരം കേന്ദ്ര- സംസ്ഥാന സർക്കാർ അനുവദിക്കുന്ന 37 കോടി രൂപയുടെ ഫണ്ട് (65%-35%) ഉപയോഗപ്പെടുത്തിയാണ് യൂണിഫോം പദ്ധതി നടപ്പിലാക്കുന്നത്. |
| ഇ) | പാഠപുസ്തകവിതരണം ഏത് ഫണ്ടുപയോഗിച്ചാണ് നടത്തുന്നതെന്നും എല്ലാ വിഭാഗം വിദ്യാർത്ഥികൾക്കും നൽകുന്നുണ്ടോ എന്നും വെളിപ്പെടുത്തുമോ? | ഇ) | എസ്.എസ്.എ.യുടെ വാർഷിക പദ്ധതി 2012-13 പ്രകാരം കേന്ദ്ര- സംസ്ഥാന സർക്കാർ (65%-35%) അനുവദിക്കുന്ന ഫണ്ടുപയോഗിച്ച് നടത്തുന്നു. സർക്കാർ എയ്ഡഡ് സ്കൂളിലെ 2 മുതൽ 8 വരെ ക്ലാസുകളിൽ പഠിക്കുന്ന എല്ലാ കുട്ടികൾക്കും ഈ ആനുകൂല്യം നൽകുന്നു. ഒന്നാം ക്ലാസിൽ സംസ്ഥാന സർക്കാർ ഫണ്ടുപയോഗിച്ചു നൽകുന്നു. |

സെക്ഷൻ ഓഫീസർ